**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **09-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി അഗ്രിഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മുണ്ടേരി അഗ്രിഫാമിന്റെ പുരോഗതി വിശദമാക്കാമോ; ഫാം ആരംഭിക്കുവാനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ മണ്ഡലത്തിൽ മുണ്ടേരി പഞ്ചായത്തിന്റെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനു വേണ്ട നിർദ്ദേശങ്ങളാണ് 'മുണ്ടേരി അഗ്രി ഫാം' പദ്ധതിയിൽ ഉൾക്കൊള്ളി-ച്ചിരിക്കുന്നത്. ഒരു കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ കൃഷിവകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. 60 ലക്ഷം രൂപ മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, കൃഷി എഞ്ചിനീയറിങ് എന്നീ വകുപ്പുകളുടെ വിഹിതമാണ്.<br><br>മുണ്ടേരി അഗ്രി ഫാം പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. അതിനാൽ മുണ്ടേരി അഗ്രി ഫാം പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ വിള വികസന ഘടകങ്ങൾ, 2022-23 സാമ്പത്തിക വർഷത്തിൽ, കൃഷിവകുപ്പ് മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളിലും അടിസ്ഥാന സൗകര്യ വികസനം, യന്ത്രവത്കരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകളിലും ഉൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള നിർദ്ദേശം കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br><br>മുണ്ടേരി അഗ്രി ഫാം പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മുണ്ടേരി അഗ്രി ഫാം 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 21 പ്രകാരം 72 മെമ്പർമാരെ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്ക് മുണ്ടേരി ഗ്രാമപഞ്ചായത്ത്, ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ |

| | | | |
|---|---|---|---|
| | | | ഭൂമി വിട്ടുകിട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പരിസ്ഥിതി ദിനത്തിൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിനുള്ള 2000 വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചു നൽകിയിട്ടുണ്ട്.<br><br>ഒന്നാം വിള നെൽകൃഷി 1 ഹെക്ടർ തരിശ് കൃഷി ഇറക്കിയിട്ടുണ്ട്.<br><br>രണ്ടാം വിളയ്ക്ക് 10 ഏക്കർ തരിശ് വയൽ കൃഷിയോഗ്യമാക്കുന്നതിനു നിലം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ